നക്ഷത്രത്തിനനുസരിച്ച് വെച്ചുപിടിപ്പിക്കലാണ് പരിപാടിയുടെ മുഖ്യ ഇനം. 'ഒരാളുടെ നക്ഷത്രത്തിനനുസരിച്ചുള്ള മരത്തിനു കീഴിൽ ധ്യാനം നടത്തുകയാണെങ്കിൽ മാനസിക പിരിമുറുക്കവും മറ്റും കുറയ്ക്കാൻ സാധിക്കും' എന്നുള്ള 'ശാസ്ത്രീയ' നിഗമനങ്ങളും ഇതോടൊപ്പം അതിന്റെ വക്താക്കൾ വിളമ്പുന്നുണ്ട്. തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനത്ത് കോർപ്പറേഷന്റെ കാർമ്മികത്വത്തിലായിരുന്നു 2010ൽ നക്ഷത്രവനം പരിപാടിക്ക് തുടക്കമിട്ടത്. ടി.ബി.ജി.ആർ.ഐയിലെ ശാസ്ത്രജ്ഞന്മാരുടെ സഹായവും ഇതിന് ലഭിക്കുകയുണ്ടായി. ലോകത്ത് മനുഷ്യന് തിരിച്ചറിയാൻ കഴിഞ്ഞ ഏതാണ്ട് 3 ലക്ഷത്തിനും 4 ലക്ഷത്തിനും ഇടയിൽ സസ്യജാലങ്ങളുണ്ട്. ഇവയിൽ ഏതാനും മരങ്ങളെ നക്ഷത്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് സംരക്ഷിക്കാമെന്ന് ചിന്തിക്കുന്നതിലെ യുക്തിരാഹിത്യത്തെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കരുത്. ഒരുവേള നിങ്ങൾ യൂറോപ്യൻ ശാസ്ത്രയുക്തിയുടെ അടിമയായി വ്യാഖ്യാനിക്കപ്പെട്ടേക്കാം.

പ്രകൃതി സംരക്ഷണത്തിന്റെ പേരിൽ, മനുഷ്യസമൂഹം വഴിയിലുപേക്ഷിച്ചുപോയ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും തിരികെ പ്രതിഷ്ഠിക്കാനുള്ള ശ്രമങ്ങളെ വ്യക്തമായ ബോധ്യങ്ങളോടെ ചെറുക്കേണ്ടതുണ്ട്. കേരളത്തിൽ വളർന്നുകൊണ്ടിരിക്കു ജാതി/മത/വർഗ്ഗീയ ചിന്തകൾ നമ്മുടെ സാമൂഹ്യശരീരത്തെ കാർന്നുതിന്നും മുമ്പ് അവയെ പ്രതിരോധിക്കാൻ നാം സന്നദ്ധരാകണം. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ നിന്നല്ല, മറിച്ച് ജനാധിപത്യത്തിനും മതേതരത്വത്തിനും വേണ്ടി നിലകൊള്ളുന്ന കൊച്ചു കൊച്ചു പ്രസ്ഥാനങ്ങളിൽ നിന്നാണ് അതിനുള്ള കരുത്ത് പ്രതീക്ഷിക്കുന്നത്. ■

യാഗം നടത്തി ആളുകൾക്ക് അന്നദാനം നൽകിയാൽ
പ്രകൃതി സംരക്ഷിക്കപ്പെടുമെന്ന് കരുതാൻ മാത്രമുള്ള വിഡ്ഢിത്തം കേരളജനതയ്ക്കില്ല

**ഡോ. കെ.എൻ. ഗണേഷ്**

# പ്രകൃതിസംരക്ഷണത്തിന്റെ മറവിലെ തട്ടിപ്പുകൾ

**സോമയാഗം** നടത്തുന്നവർ പറയുന്നത് പ്രകൃതിസംരക്ഷണത്തിനാണ് സോമയാഗം നടത്തുന്നത് എന്നാണ്. യജ്ഞങ്ങൾ, ഇഷ്ടികൾ, സത്രങ്ങൾ തുടങ്ങിയവയൊന്നും പ്രകൃതിസംരക്ഷണത്തിനായിരുന്നില്ല. പ്രകൃതിയുടെ പ്രവർത്തനത്തെക്കുറിച്ച് വേണ്ടത്ര അറിയാതിരുന്ന മനുഷ്യർ സ്വന്തം ജീവിതത്തിന്റെയും ജീവിതത്തിനാവശ്യമായ വിഭവങ്ങളുടെയും സംരക്ഷണത്തിനാണ് യജ്ഞങ്ങൾ നടത്തിയത്. പശുക്കളുടെ സംരക്ഷണത്തിന് നടത്തിയ ഗവിഷ്ടി, മഴപ്പെയിക്കുന്നതിന് നടത്തിയ അതിരാത്രം, വിളവ് വർദ്ധിപ്പിക്കുന്നതിന് നടത്തിയ വാജപേയം എന്നിവ ഉദാഹരണങ്ങളാണ്. മറ്റു യജ്ഞങ്ങൾ വംശവർദ്ധനയ്ക്കും രാജാക്കന്മാർ വളർന്നുവന്നതിനുശേഷം രാജാധികാരം ഉറപ്പുവരുത്തുന്നതിനുമായിരുന്നു. ഇന്ത്യയിൽ നടത്തിയിട്ടുള്ള അശ്വമേധം അതിന് ഉദാഹരണമാണ്. അശ്വമേധം അനുഷ്ഠാനപരമായ ദിഗ്വിജയമാണ്. അധികാരത്തിൽ വരുന്ന ഒരു രാജാവ് ഒരു സൈന്യത്തിന്റെ അകമ്പടിയോടെ എല്ലാ ദിക്കുകളിലേക്കും കുതിരയെ അയയ്ക്കുന്നു. രാജാവിനോടുള്ള വിധേയത്വം സൂചിപ്പിക്കുന്നതിനായി എല്ലാ ഗ്രാമത്തലവന്മാരും കുതിരയെ വണങ്ങുകയും കപ്പം നൽകുകയും ചെയ്യുന്നു. ചത്ത കുതിരയോടൊപ്പം രാജ്ഞി ശയിക്കുന്ന ചടങ്ങുമുണ്ട്. ഇതോടെയാണ് രാജാവിന്റെ അധികാരത്തിന് പൂർണ്ണ അംഗീകാരം ലഭിക്കുന്നത്.

യജ്ഞങ്ങൾ പ്രകൃതിസംരക്ഷണത്തിനുള്ളതല്ല. പ്രകൃതിയുടെ മേലുള്ള അധികാരത്തിനുള്ളതാണ്. മന്ത്രോച്ചാരണം, ഹോമകർമ്മങ്ങൾ, യൂപത്തിന്റെ നിർമ്മാണം, ഹോമത്തിന്റെ ദാനമായി നടക്കുന്ന ബലികൾ, ദാനധർമ്മങ്ങൾ തുടങ്ങിയവയെല്ലാം യജമാനന്റെ സംരക്ഷണം ഉറപ്പുവരുത്തുകയും ദേവതകളുടെ സഹായത്തോടെ അയാളുടെ അധികാരത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. മഴയില്ലാത്തപ്പോൾ മഴ പെയ്യിക്കുന്നതിനല്ല യജ്ഞങ്ങൾ, യജമാനന് മഴയാവശ്യമുള്ളപ്പോൾ പെയ്യിക്കുന്നതിനാണ്. പ്രകൃതിശക്തിയുടെ പിന്തുണ ഉറപ്പുവരുമ്പോൾ യജമാന

ന്റെ ശക്തി വർദ്ധിക്കുന്നു. യജമാനൻ രാജാവാകുമ്പോൾ രാജാവിന് ദൈവപ്രീതി ലഭിക്കുന്നു. അയാളുടെ ശക്തി വർദ്ധിക്കുന്നു. അയാൾ, ദിഗ്‌വിജയം നടത്തി വിജിഗീഷു ആയതായി കണക്കാക്കുന്നു.

കേരളത്തിലെ നാടുവാഴികൾ ഹിരണ്യഗർഭവും ഷോഡശമഹാദാനങ്ങളും പട്ടാഭിഷേകവും ബ്രാഹ്മണ സഹായത്തോടെ നിർവഹിച്ചതായി നമുക്കറിയാം. യജ്ഞങ്ങൾ നടത്തിയതായി തെളിവില്ല. കേരളത്തെപ്പോലെ മൺസൂണിനെ മാത്രം ആശ്രയിച്ച് കൃഷിയും വാണിജ്യവും വിഭവസമാഹരണവും നടക്കുന്ന ഒരു പ്രദേശത്തിൽ മഴപെയ്യിക്കുന്നതിനും പ്രകൃതിയെ സംരക്ഷിക്കുന്നതിനുമുള്ള കർമ്മങ്ങൾ നടത്തുക എളുപ്പമാണ്. അതിനുപകരം രാശിചക്രത്തിന്റെയും നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും ചലനങ്ങൾ കണക്കുകൂട്ടിയും ഞാറ്റുവേലക്രമങ്ങൾ നിരീക്ഷിച്ചും കൃത്യമായ പഞ്ചാംഗം ഉണ്ടാക്കുന്നതിനാണ് അവർ ശ്രമിച്ചത്. ചേര രാജാക്കന്മാർ യജ്ഞനം നടത്തുകയല്ല, കൊല്ലപുരിയിൽനിന്ന് ശങ്കരനാരായണൻ എന്ന പണ്ഡിതനെ കൊണ്ടുവന്ന് രവിവർമ്മ മന്ത്രവലയം എന്ന നിരീക്ഷണാലയം നിർമ്മിക്കുകയാണ് ചെയ്തത്. ഇതിന്റെ തുടർച്ചയായി ജ്യോതിശാസ്ത്രപരവും പ്രകൃതിയിലെ ചലനങ്ങളെ സംബന്ധിച്ചതുമായ നിരീക്ഷണങ്ങൾ കൃത്യമാക്കുന്നതിനാണ് മാധവൻ, പരമേശ്വരൻ, നീലകണ്ഠൻയ ദാമോദരൻ, നീലകണ്ഠസോമയാജി തുടങ്ങിയവർ കേരള ഗണിതം എന്ന് ഇന്നറിയപ്പെടുന്ന ശാഖതന്നെ സൃഷ്ടിച്ചത്, ആയൂർവേദം, വാസ്തുശില്പം, പ്രതിമാശില്പം മുതൽ വൃക്ഷായുർവേദം വരെയുള്ള നിരവധി മേഖലകളിലൂടെ വളർന്ന കേരളീയരുടെ ശാസ്ത്രപാരമ്പര്യം സൃഷ്ടിക്കുന്നതിൽ ബ്രാഹ്മണരും പങ്കുവഹിച്ചിട്ടുണ്ട്. അത് കേരളത്തിലെ മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെ നിർണയിക്കുന്നതിലും പങ്കുവഹിച്ചു. ഇതിനുപകരം യജ്ഞസംസ്കാരമാണ് ബ്രാഹ്മണർ പിന്തുടർന്നതെങ്കിൽ പ്രകൃതിസംരക്ഷണവും ജീവിതരൂപങ്ങളും സാധിക്കുകയില്ലായിരുന്നു.

പ്രകൃതിസംരക്ഷണമാണ് പ്രധാനപ്പെട്ട ലക്ഷ്യമെങ്കിൽ അതിന് ഏറ്റവും ഫലപ്രദമായ രൂപം കാവുകളാണ്. വനങ്ങളെയും വൃക്ഷങ്ങളെയും, തുറന്ന സ്ഥലങ്ങളെയും തടാകങ്ങളെയും പോലും ദേവതകളുടെ ആരാമങ്ങളായി സംരക്ഷിക്കുകയും അവയെ സംരക്ഷിക്കാനായി അനുഷ്ഠാനങ്ങളും ഉത്സവങ്ങളും നടത്തുകയും ചെയ്യുന്നത് പ്രായോഗിക തലത്തിൽ യജ്ഞങ്ങളേക്കാൾ ഫലപ്രദമായിരുന്നു. സ്വന്തം ജീവിതമാർഗ്ഗങ്ങളും അതിസാധാരണമായ വിഭവങ്ങളും സംരക്ഷിക്കുന്നതിൽ താല്പര്യമുണ്ടായിരുന്ന പണിയാളരായിരുന്നു കാവുകളെ നിലനിർത്തുന്നതിൽ മുൻകൈയെടുത്തത്. ഔഷധസസ്യങ്ങളടക്കം, ജൈവവൈവിധ്യത്തെ നിലനിർത്തുന്നതിൽ പ്രധാനപങ്കും കാവുകൾക്കായിരുന്നു. യജ്ഞങ്ങൾ കേരളത്തിൽ ഇന്നത്തെ കാലത്ത് എന്തിന് നടത്തുന്നു എന്നതാണ് ഏറ്റവും പ്രധാന പ്രശ്നം.

പ്രകൃതിയെ സംരക്ഷിക്കുന്നതിനും അതിനെ ഉപയോഗിച്ച് ഉല്പാദനവിതരണ വ്യവസ്ഥ സൃഷ്ടിക്കുന്നതിനും യജ്ഞനത്തെക്കാൾ ഫലപ്രദമായ മാർഗങ്ങൾ കണ്ടെത്തിയ പ്രദേശമാണ് കേരളം. ഇന്ന് കേരളത്തിലെ പ്രകൃതി തകർക്കപ്പെടുകയാണ് എന്നതിൽ സംശയമില്ല. പ്രകൃതിയെ നശിപ്പിക്കുന്നവർക്കെതിരെ, കേരളത്തിലെ ഉല്പാദന വിതരണ രൂപങ്ങളുടെ സംരക്ഷണത്തിനുവണ്ടി ജനകീയ ഐക്യനിര വളർന്നുരേണ്ട കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. അത്തരം ഐക്യനിര സൃഷ്ടിക്കുന്നതിന്റെ മാർഗം യജ്ഞവും അന്നദാനവുമല്ല. ഉല്പാദനവിതരണ രൂപങ്ങൾ ശക്തിപ്പെടുത്തി ജനങ്ങൾക്ക് നിലനില്പിനാവശ്യമുള്ള ഭക്ഷണവും അവശ്യവസ്തുക്കളും ലഭ്യമാക്കുകയും കമ്പോളത്തിന്റെ നീരാളിപ്പിടിത്തത്തിൽ നിന്ന് അവരെ മോചിപ്പിക്കുകയുമാണ് വേണ്ടത്. അതിനുവേണ്ട അറിവും പ്രവർത്തന രൂപങ്ങളും ഇന്ന് നിലവിലുണ്ട്. അതുപയോഗിക്കാൻ സന്നദ്ധരായ ജനസൂഹം വേണമെന്നു മാത്രം.

അതിനുശ്രമിക്കുന്നതിനുപകരം കർണാടകക്കാരായ ബ്രാഹ്മണരെ യജമാനന്മാരാക്കി, യാഗം നടത്തി ആളുകൾക്ക് അന്നദാനം നൽകിയാൽ പ്രകൃതി സംരക്ഷിക്കപ്പെടുകയും ജനങ്ങളുടെ ശക്തി വീണ്ടെടുക്കുകയും ചെയ്യാൻ കഴിയുമെന്ന് കരുതാൻ മാത്രമുള്ള വിഡ്ഢിത്തം കേരളജനതയ്ക്കില്ല. യാഗം നടത്തുന്നവർ അത്തരം വിഡ്ഢികളുമല്ല. അപ്പോൾ അവരുടെ ലക്ഷ്യം മറ്റു ചിലതാണ്. സോമയാഗത്തിന്റെ മറവിൽ ഹൈന്ദവവൽക്കരണത്തിനുള്ള അരങ്ങൊരുക്കുക. മാതാ അമൃതാനന്ദമയി മിഷനെപ്പോലെ മറ്റൊരു ഹൈന്ദവ ആൾദൈവസംഘത്തിന് അടിത്തറ പാകുക. അതിന്റെ പണവും ബലവുമുപയോഗിച്ച് ജനങ്ങളെ ഭിന്നിപ്പിക്കുക.

*(കടപ്പാട്: 'യജ്ഞസംസ്കാരവും ഹിന്ദുത്വപുനഃരുത്ഥാരണവും' എന്ന ലഘുലേഖ, പ്രസാധനം: ശാസ്ത്ര സാഹിത്യ പരിഷത്ത്)* ■